**<u>15 -ാം കേരള നിയമസഭ</u>**

**<u>11 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4715</u>** **<u>02-07-2024 - ൽ മറുപടിയ്ക്ക്</u>**

**<u>ജല അതോറിറ്റിക്കുണ്ടാകുന്ന നഷ്ടം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലവിതരണ പൈപ്പുകൾ വഴിയുള്ള ചോർച്ച, ജലമോഷണം, മീറ്ററുകൾ പ്രവർത്തിക്കാതിരിക്കുന്നത് എന്നിവ മൂലം ജല അതോറിറ്റിക്കുണ്ടാകുന്ന വരുമാന നഷ്ടം കുറയ്ക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വിശദമാക്കുമോ? | (എ) | ജലവിതരണ പൈപ്പുകൾ വഴിയുള്ള ചോർച്ചകൾ അടിയന്തര പ്രാധാന്യം നൽകി പരിഹരിക്കുന്നതിന് അറ്റകുറ്റപ്പണികളുടെ റണ്ണിങ് കോൺട്രാക്ട് പ്രവൃത്തികളും ബ്ലൂ-ബ്രിഗേഡ് സംവിധാനവും നിലവിലുണ്ട്. കാലഹരണപ്പെട്ട പൈപ്പുകൾ വഴി ജല വിതരണം നടത്തുമ്പോൾ ഉണ്ടാകുന്ന ചോർച്ചയ്ക്ക് പരിഹാരമായി പഴയ പൈപ്പുകൾ വിവിധ പദ്ധതികളുടെ ഭാഗമായി മാറ്റി പുതിയവ സ്ഥാപിച്ചു വരുന്നു. ജല മോഷണം കണ്ടെത്തുന്നതിന് അതതു സെക്ഷൻ ആഫീസുകളുടെ പരിധിയിൽ സാധ്യമാകുന്ന വിധത്തിൽ സ്ക്വാഡുകൾ രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നു. ജല മോഷണം നടത്തുന്നത് കണ്ടെത്തിയാൽ മോഷണം നടത്തുന്നവർക്കെതിരെ കേരള വാട്ടർ അതോറിറ്റി ആക്ട് പ്രകാരമുള്ള ശിക്ഷണ നടപടികൾക്കായി ബഹു. കോടതികളെ സമീപിക്കുന്ന നടപടികളും സ്വീകരിച്ചു വരുന്നു. തകരാറിലായ മീറ്ററുകൾ മുഴുവൻ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട ഉപഭോക്താക്കൾക്ക് കത്ത് നൽകുന്നു. ഫൈനും ഡിസ്കണക്ഷനും, സാഹചര്യങ്ങൾക്കനുസരിച്ചു നടത്തുന്നു. മേൽ പ്രകാരം ഉള്ള പ്രവർത്തനങ്ങൾ നടത്തി കേരള വാട്ടർ അതോറിറ്റിയുടെ വരുമാന നഷ്ടം പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ